പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5571 01/07/2019 ൽ മറുപടിക്ക്

## ക്ഷേത്രങ്ങൾ നവീകരിക്കുന്നതിന് ധനസഹായം

ചോദ്യം

**ശ്രീ.ഒ. ആർ. കേളു**

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പഴക്കമുള്ളതും നാശോന്മുഖമായിട്ടുള്ളതുമായ ക്ഷേത്രങ്ങളെ നവീകരിക്കുന്നതിന് ദേവസ്വം ബോർഡ് സാമ്പത്തിക സഹായം നൽകാറുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | ഉണ്ടെങ്കിൽ സാമ്പത്തിക സഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡും ,കൊച്ചിൻ ദേവസ്വം ബോർഡും തങ്ങളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളെ നവീകരിക്കുന്നതിന് അപേക്ഷ സ്വീകരിച്ച് സാമ്പത്തിക സഹായം നൽകുന്നു . മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതും ക്ഷേത്ര നവീകരണപ്രവർത്തനങ്ങൾ നടത്തുന്നതിന് സ്വയം പര്യാപ്ത മല്ലാത്തതുമായ പൊതു ക്ഷേത്ര ങ്ങൾക്കും ബോർഡിന്റെ പരിധിയിൽ പെടാത്ത ക്ഷേത്രങ്ങൾക്കും ജീർണ്ണോദ്ധാരണ ഗ്രാന്റ് ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. ഇതിന് പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ഗുരുവായൂർ ദേവസ്വത്തിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിന് പൊതുക്ഷേത്രമാണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ആഫീസറുടെയോ ഗസറ്റഡ് ആഫീസറുടെയോ പഞ്ചായത്ത് മെമ്പറുടെയോ സർട്ടിഫിക്കറ്റ് അപേക്ഷ യോടൊപ്പം ഹാജരാക്കണം. |

| | | | |
|---|---|---|---|
| (സി) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഇത്തരത്തിൽ ഏതെങ്കിലും ക്ഷേത്ര ങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. 22/05/2018-ൽ സർക്കാർ ഈ ആവശ്യത്തിന് 7 കോടി രൂപ അനുവദിച്ചിരുന്നു.മലബാർ ദേവസ്വം ബോർഡ് പ്രസ്തുത തുകയിൽ നിന്നും ബോർഡിന്റെ കീഴിലുള്ള 702 പൊതു ക്ഷേത്രങ്ങൾക്കായി 6,09,50,000/-രൂപ യും ബോർഡിന്റെ കീഴിലല്ലാത്ത 511 ക്ഷേത്രങ്ങൾക്കായി 74,05,000/-രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ നടത്തിപ്പുകാരായ 117 ക്ഷേത്രങ്ങൾക്ക് 16,45,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ